## ഇറാനിലേക്ക് യാത്ര ചെയ്യുന്ന ഇന്ത്യൻ പൗരന്മാർക്ക് അനുവദിച്ചിരുന്ന വിസ ഇളവ് സൗകര്യം നിർത്തലാക്കുന്നത് സംബന്ധിച്ചുള്ള മുന്നറിയിപ്പ്

നവംബർ 17, 2025

തെറ്റായ തൊഴിൽ വാഗ്ദാനങ്ങൾ നൽകി അല്ലെങ്കിൽ മറ്റൊരു രാജ്യത്തേക്ക് യാത്ര ചെയ്യാമെന്ന ഉറപ്പ് നൽകി ഇന്ത്യൻ പൗരന്മാരെ ഇറാനിലേക്ക് ആകർഷിക്കുന്ന നിരവധി സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സാധാരണ ഇന്ത്യൻ പാസ്പോർട്ട് ഉടമകൾക്ക് ലഭ്യമായ വിസ ഇളവ് സൗകര്യം ദുരുപയോഗം ചെയ്ത് ഈ വ്യക്തികളെ കബളിപ്പിച്ച് ഇറാനിലേക്ക് എത്തിക്കുന്നു. ഇറാനിൽ എത്തിയശേഷം, അവരിൽ പലരേയും മോചനദ്രവ്യം ആവശ്യപ്പെട്ട് തട്ടിക്കൊണ്ടുപോകുന്നു.

2. 2025 നവംബർ 22 മുതൽ ഇറാൻ സന്ദർശിക്കുന്ന സാധാരണ ഇന്ത്യൻ പാസ്പോർട്ട് ഉള്ളവർക്ക് അനുവദിച്ചിരുന്ന വിസ ഇളവ് സൗകര്യം ഇറാൻ സർക്കാർ താൽക്കാലികമായി റദ്ദാക്കുന്നു. ക്രിമിനൽ സംഘങ്ങൾ ഈ സൗകര്യം ദുരുപയോഗം ചെയ്യുന്നത് തടയാൻ ഉദ്ദേശിച്ചുള്ളതാണ് ഈ നടപടി. ഈ തീയതി മുതൽ, സാധാരണ പാസ്പോർട്ടുള്ള ഇന്ത്യൻ പൗരന്മാർക്ക് ഇറാനിൽ പ്രവേശിക്കാനോ ഇറാൻ വഴി യാത്ര ചെയ്യാനോ വിസ എടുക്കേണ്ടിവരും.

3. ഇറാൻ സന്ദർശിക്കാൻ ഉദ്ദേശിക്കുന്ന എല്ലാ ഇന്ത്യൻ പൗരന്മാരും ജാഗ്രത പുലർത്തണമെന്നും വിസ രഹിത യാത്രയോ മൂന്നാം രാജ്യങ്ങളിലേക്ക് ഇറാൻ വഴിയുള്ള തുടർ യാത്രയോ വാഗ്ദാനം ചെയ്യുന്ന ഏജന്റുമാരെ ഒഴിവാക്കാനും കർശനമായ നിർദ്ദേശിക്കുന്നു.

**ന്യൂഡൽഹി**

**നവംബർ 17, 2025**